*ഭരണഭാഷ – മാതൃഭാഷ*

# അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം -ജീവനക്കാര്യം – അന്യത്ര സേവനത്തിൽ നിന്നുംതിരികെ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ലിഷ കരുവിള, സീനിയർ ക്ലർക്കിന് -മാതൃ വകുപ്പിൽ നിയമനം നൽകി – ഉത്തരവാകുന്നു.

---

## എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നമ്പർ. TCPCTP/1054/2022-A2 തിയതി :10/05/2022

---

പരാമർശം :- 1. സർക്കാരിന്റെ 22/04/2022 ലെ സി1/50/2022/പജ.പവ.വിവ നമ്പർ ഉത്തരവ്

2. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 28/04/2022 ലെ 568/എ 2/2020 നമ്പർ ഉത്തരവ്.
3. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഇടുക്കി ജില്ലാ മാനേജരുടെ 28/04/2022 ലെ എ 2/എസ്റ്റ/141/ഇടുക്കി/2020 നമ്പർ ഉത്തരവ്.
4. ശ്രീമതി.ലിഷ കരുവിള, സീനിയർ ക്ലർക്കിന്റെ 29/04/2022 ലെ അപേക്ഷ.
5. മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ നിന്നുള്ള 03/05/2022 ലെ TCPCTP/1067/2022-A2 നമ്പർ ഉത്തരവ്.
6. മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ നിന്നുള്ള 07/05/2022 ലെ TCPCTP/1067/2022-A2 നമ്പർ ഉത്തരവ്

## ഉത്തരവ്

സർക്കാരിന്റെ പരാമർശം(1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരമർശം (2) ലെ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഇടുക്കി ജില്ലാ കാര്യാലയത്തിൽ അന്യത്രസേവനത്തിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചുവന്ന ശ്രീമതി.ലിഷ കരുവിള, സീനിയർ ക്ലർക്കിന് ടിയാളുടെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടി നൽകിയ അപേക്ഷ കോർപ്പറേഷനിലെ ശമ്പള സ്കെയിൽ മാതൃവകുപ്പിലെ ശമ്പള സ്കെയിലിനെക്കാൾ കുറവായതിനാൽ അന്യത്രസേവന കാലാവധി നീട്ടി നൽകുന്നത് കോർപ്പറേഷന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന് അറിയിച്ച് നിരസിക്കുകയും, 19/02/2022 മുതൽ അനുമതിയില്ലാതെ അന്യത്ര സേവനത്തിൽ തുടരുന്നതിനാൽ അടിയന്തിരമായി മാതൃവകുപ്പിലേക്ക് തിരിച്ചയക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ലിഷ കരുവിളയെ 28/04/2022 അപരാഹ്നത്തിൽ ഇടുക്കി ജില്ലാ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവാകുകയും ടിയാൾ പരാമർശം (4) ലെ അപേക്ഷ പ്രകാരം 29/04/2022 ന് തിരുവനന്തപുരം മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ സീനിയർ ക്ലർക്കായി തിരികെ മാതൃവകുപ്പിൽ പ്രവേശിക്കുന്നതിന് അനുവാദത്തിനായി അപേക്ഷിക്കുകയും ചെയ്തു.

File No.TCPCTP/1054/2022-A2

മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ സീനിയർ ക്ലർക്കിന്റെ ഒഴിവ് ഇല്ലാത്തതിനാൽ ടിയാളെ ജോലിയിൽ പ്രവേശിക്കവാൻ കഴിയാത്ത സാഹചര്യം വരുകയും എന്നാൽ പരാമർശം (5), (6) ലെ ഉത്തരവുകൾ പ്രകാരം മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.ശാലിനി.ഡി.എച്ച് എന്ന ജീവനക്കാരിക്ക് ടിയാളുടെ അപേക്ഷ പ്രകാരം വിദേശത്തുള്ള ഭർത്താവിന്റെ അടുത്തേക്ക് പോകുന്നതിനായി കെ .എസ്.ആർ ഭാഗം 1 അനുബന്ധം XII-C പ്രകാരമുള്ള ശൂന്യവേതനാവധി 07/05/2022 അപരാഹ്നം പ്രാബല്യത്തിൽ 09/06/2023 വരെ അനുവദിച്ച് ഉത്തരവാകുകയും ടിയാൾ 07/05/2022 അപരാഹ്നത്തിൽ വിടുതൽ ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീമതി.ശാലിനി.ഡി.എച്ച്, സീനിയർ ക്ലർക്ക് വിടുതൽ ചെയ്തത് മൂലം മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടായിട്ടുള്ള ഒഴിവിലേക്ക് അന്യത്രസേവനം അവസാനിപ്പിച്ച് തിരികെ വകുപ്പിൽ പ്രവേശിക്കവാൻ കാത്തുനിന്ന ശ്രീമതി.ലിഷ കരുവിള, സീനിയർ ക്ലർക്കിന് മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ സീനിയർ ക്ലർക്കായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signature valid

Digitally signed by ASEEM A
Date: 2022.06.10 12:59:43 IST
Reason: Approved

അസീം.എ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീമതി.ലിഷ കരുവിള, സീനിയർ ക്ലർക്ക്

പകർപ്പ്: 1) സിഎ മുഖേന ചീഫ് ടൗൺപ്ലാനർ

2) ടൗൺപ്ലാനർ, പത്തനംതിട്ട

3) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

4) എ,ബി,എസ് സെക്ഷൻ സൂപ്രണ്ടുമാർ

5) ഐ.റ്റി.ഓഫീസർ

6) വെബ്സൈറ്റ്

7) അധികം

SR09052022

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 003
തിരുവനന്തപുരം